ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ-യുഎസ് വ്യാപാര കരാറിൽ ധാരണയായി; ഇറക്കുമതി തീരുവ 18 ശതമാനമായി കുറച്ചു. അമേരിക്കൻ പ്രസിഡൻറിന് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **India-US trade agreement finalised; import duty reduced to 18%. Prime Minister Narendra Modi expressed gratitude to the US President.**

2. കരാർ ശക്തമായ വ്യാപാര ബന്ധത്തിനും പരസ്പര വളർച്ചയ്ക്കും വഴിയൊരുക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. മേക്ക് ഇൻ ഇന്ത്യ പദ്ധതിയെ ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **The agreement will pave the way for stronger trade ties and mutual growth: Union Home Minister Amit Shah; Trade will help strengthen the 'Make in India' initiative says Foreign Minister S. Jaishankar**

3. രാഷ്ട്രപതിയുടെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നാളെ ലോക്സഭയിൽ മറുപടി നൽകും.

   **Prime Minister Narendra Modi will reply to the discussion on Motion of Thanks to President's Address in the Lok Sabha tomorrow.**

4. കേരളത്തിലെ റെയിൽവേ വികസനത്തിന് 3,795 കോടി രൂപയുടെ റെക്കോഡ് വിഹിതമാണ് ബജറ്റിൽ അനുവദിച്ചിരിക്കുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

   **Railway Minister Ashwini Vaishnaw said a record allocation of ₹3,795 crore has been made in the budget this time for railway development in Kerala.**

5. കേരള നിയമസഭയിൽ ബജറ്റ് ചർച്ച ഇന്നും നാളെയും തുടരും.

   **Budget discussion in the Kerala Legislative Assembly will continue today and tomorrow.**

6. സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം ഇന്ന് അസമിനെ നേരിടും.

   **In the Santosh Trophy football quarterfinal, Kerala to face Assam today.**

## PM MODI - US PREZ

ഇന്ത്യ-യുഎസ് വ്യാപാര കരാറിൽ ധാരണയായി. ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ മേൽ അമേരിക്ക ഏർപ്പെടുത്തിയ ഇറക്കുമതി തീരുവ 18 ശതമാനമായി കുറയ്ക്കാൻ തീരുമാനമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി സംസാരിച്ചതിന് ശേഷം സമൂഹമാധ്യമത്തിലൂടെയാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. 140 കോടി ഇന്ത്യൻ ജനതയുടെ പേരിൽ പ്രസിഡന്റ് ട്രംപിന് നന്ദി രേഖപ്പെടുത്തുന്നതായും

പ്രധാനമന്ത്രി പറഞ്ഞു. സമാധാനത്തിനായുള്ള ട്രംപിൻറെ ശ്രമങ്ങൾക്ക് ഇന്ത്യ പൂർണ്ണ പിന്തുണ നൽകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

## IND-US TRADE DEAL-MINISTERS

ചരിത്രപരമായ വ്യാപാര കരാറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിനെയും അഭിനന്ദിച്ച് കേന്ദ്ര മന്ത്രിമാർ. കരാർ ഇന്ത്യ-അമേരിക്ക തന്ത്രപരമായ പങ്കാളിത്തത്തെ ശക്തിപ്പെടുത്തുമെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം അഭൂതപൂർവ്വമായ ഉയരങ്ങളിലെത്തുമെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ശക്തമായ വ്യാപാര ബന്ധത്തിനും പരസ്പര വളർച്ചയ്ക്കും കരാർ വഴിയൊരുക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടു. മേക്ക് ഇൻ ഇന്ത്യ പദ്ധതിയെ ശക്തിപ്പെടുത്താൻ കരാർ സഹായകമാകുമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## INDIA-US -2

വ്യാപാര കരാർ ഇരുകൂട്ടർക്കും ഗുണകരമാകുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. സമാധാനത്തിനും വികസനത്തിനുമായി പ്രവർത്തിക്കാൻ ഇന്ത്യയ്ക്കും യുഎസിനും വലിയ സാധ്യതകളുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയും അമേരിക്കയും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളും സ്വാഭാവിക പങ്കാളികളുമാണെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യയുടെ ആഗോള സ്വാധീനം കൂടുതൽ കരുത്താർജ്ജിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## PIYUSH – TRADE DEAL

കരാറിനെ കേന്ദ്രമന്ത്രി പീയൂഷ് ഗോയലും സ്വാഗതം ചെയ്തു. രണ്ട് സമാന ചിന്താഗതിക്കാരായ, ജനാധിപത്യ രാജ്യങ്ങളുടെ ശക്തിയെ കരാർ പ്രതിഫലിപ്പിക്കുന്നതായി ശ്രീ ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു. കർഷകർ, എംഎസ്എംഇകൾ, സംരംഭകർ, തൊഴിലാളികൾ എന്നിവർക്ക് ഇത് ഗുണകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

## INDIA TRADE DEAL

വ്യാപാര കരാർ ഇരു രാജ്യങ്ങളിലെയും സമ്പദ്‌വ്യവസ്ഥകൾക്കും ജനങ്ങൾക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വാത്ര. അമേരിക്കയും ഇന്ത്യയും തമ്മിലുള്ള ബന്ധത്തിന് പരിധിയില്ലാത്ത സാധ്യതകളാണുള്ളതെന്ന് ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ പ്രതികരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**PARLIAMENT**

രാഷ്ട്രപതിയുടെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പാർലമെൻറിൻറെ ഇരുസഭകളിലും തുടക്കമായി. ലോക്സഭയിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളാണ് ചർച്ച ആരംഭിച്ചത്. രാജ്യത്തിൻറെ ഭാവി മുൻനിർത്തിയുള്ള കാഴ്ചപ്പാടുകളാണ് രാഷ്ട്രപതിയുടെ അഭിസംബോധനയിൽ ഉണ്ടായിരുന്നതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ആഗോള പ്രതിസന്ധിക്കിടയിലും ഇന്ത്യ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായി തുടരുകയാണെന്നും ശ്രീ.സോനോവാൾ വ്യക്തമാക്കി. കേരളത്തിൽ നിന്നുള്ള എംപി സി.സദാനന്ദൻ മാസ്റ്റർ രാജ്യസഭയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് തുടക്കം കുറിച്ചു. വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിൻറെ യാത്രയ്ക്ക് സഹായിക്കുന്ന വ്യക്തമായ കാഴ്ചപ്പാടുകളാണ് അഭിസംബോധനയിൽ ഉണ്ടായിരുന്നതെന്ന് അദ്ദേഹം പറഞ്ഞു. നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി

നരേന്ദ്രമോദി നാളെ ലോക്സഭയിൽ മറുപടി നൽകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RIJIJU-RAHUL GANDHI

ലോക്സഭയിൽ നന്ദി പ്രമേയ ചർച്ചയ്ക്കിടെയുള്ള ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുടെ പരാമർശങ്ങളെ വിമർശിച്ച് കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു. പരാമർശങ്ങൾ അനാവശ്യമാണെന്നും സഭയുടെ നിയമങ്ങൾ ശ്രീ.രാഹുൽ ഗാന്ധി ലംഘിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു. രാഹുൽ ഗാന്ധിയുടെ പരാമർശം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് കുറ്റപ്പെടുത്തി. മുൻ കരസേനാ മേധാവി മനോജ് മുകുന്ദ് നരവണെയുടെ പ്രസിദ്ധീകരിക്കാത്ത ഓർമക്കുറിപ്പിലെ പരാമർശങ്ങളാണ് ശ്രീ.രാഹുൽ ഗാന്ധി സഭയിൽ ഉന്നയിച്ചത്.

പരാമർശത്തിനെതിരെ ഭരണപക്ഷ അംഗങ്ങൾ ഒന്നടങ്കം രംഗത്തുവന്നതോടെ ലോക്സഭ പ്രക്ഷുബ്ധമായി. തുടർന്ന് രണ്ട് തവണ നിർത്തിവച്ച സഭ നാല് മണിയോടെ പിരിഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ASWANI VAISHNAV(INTRO)

കേരളത്തിലെ റെയിൽവേ വികസനത്തിന് 3,795 കോടി രൂപയുടെ റെക്കോഡ് വിഹിതമാണ് ബജറ്റിൽ ഇക്കുറി അനുവദിച്ചിരിക്കുന്നതെന്ന് കേന്ദ്ര റെയിൽവേ മന്ത്രി

അശ്വിനി വൈഷ്ണവ്. 35 റെയിൽവേ സ്റ്റേഷനുകളുടെ പുനർവികസനം അടക്കം 18,000 കോടി രൂപയുടെ റെയിൽ വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കി വരികയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്...............)

105 റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമാണമടക്കമുള്ള പദ്ധതികൾക്കുള്ള സ്ഥലമേറ്റെടുക്കലിനായി സംസ്ഥാന സർക്കാരിൻറെ പിന്തുണ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ശ്രീ വൈഷ്ണവ് അറിയിച്ചു.

**PRESIDENT**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ആറ് ദിവസത്തെ ഒഡീഷ സന്ദർശനത്തിന് തുടക്കമായി. ഇന്നലെ ഭുവനേശ്വറിൽ, ഗവർണർ ഹരിബാബു കമ്പംപതിയും, മുഖ്യമന്ത്രി മോഹൻ ചരൺ മാജിയും ചേർന്ന് രാഷ്ട്രപതിയെ സ്വീകരിച്ചു. ബലാസോറിലെ ഫക്കീർ മോഹൻ സർവകലാശാലയുടെ 12- മത് ബിരുദദാന ചടങ്ങിൽ ശ്രീമതി

മുർമു ഇന്ന് പങ്കെടുക്കും. പുരി ജഗന്നാഥ ക്ഷേത്രത്തിലും രാഷ്ട്രപതി ഇന്ന് ദർശനം നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## NIYAMASABHA

നിയമസഭയിൽ ബജറ്റ് ചർച്ച ഇന്നും നാളെയും തുടരും. ഇന്നലെയാണ് സഭയിൽ ബജറ്റ് ചർച്ച ആരംഭിച്ചത്. ഇന്നലെ അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. പയ്യന്നൂരിൽ പോലീസിനെ ബോംബ് എറിഞ്ഞ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് പരോൾ നൽകുന്നതിന് പൊലീസ് കൈക്കൂലി വാങ്ങിയെന്ന ആരോപണം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## ANTONY RAJU

തൊണ്ടി മുതൽ തിരി മറിക്കേസിൽ മുൻ മന്ത്രി ആൻറണി രാജുവിൻറെ ശിക്ഷാ വിധി തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി താത്കാലികമായി മരവിപ്പിച്ചു. ആൻറണി രാജു നൽകിയ ഹർജി പരിഗണിച്ചാണ് കേസിൽ അന്തിമ വിധി വരും വരെ ശിക്ഷ മരവിപ്പിച്ചത്. ശിക്ഷാ വിധി

മരവിപ്പിച്ചെങ്കിലും കുറ്റക്കാരനെന്ന കോടതി വിധിയും നിയമസഭാംഗത്വത്തിനുള്ള അയോഗ്യതയും നിലനിൽക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## SANTHOSH TROPHY (INTRO)

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം അസമിനെ നേരിടും. അസമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

***ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്...............***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET – WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വഡോദരയിലെ ബി.സി.എ സ്റ്റേഡിയത്തിൽ വൈകുന്നേരം 07:30-നാണ് മത്സരം. ഇന്നത്തെ വിജയികൾ വ്യാഴാഴ്ച നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരുവുമായി ഏറ്റുമുട്ടും.

❁❁❁❁❁❁❁❁❁❁❁❁❁

## SIR

സംസ്ഥാനത്ത് SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

## INDIA AI

ആഗോള നിർമ്മിത ബുദ്ധി മേഖലയിലെ ഏറ്റവും വലിയ സംഗമത്തിന് വേദിയാകാൻ ഒരുങ്ങി ഇന്ത്യ. ഈമാസം 16 മുതൽ 20 വരെ ന്യൂഡൽഹിയിലാണ് 'ഇന്ത്യ AI ഇംപാക്ട് സമ്മിറ്റ്' സംഘടിപ്പിക്കുന്നത്. നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള 35,000-ത്തിലധികം പ്രതിനിധികളും 500-ലധികം സ്റ്റാർട്ടപ്പുകളും പങ്കെടുക്കും.

## SPECIAL TRAIN – KATRA AND JAMMU

മോശം കാലാവസ്ഥയെത്തുടർന്ന് റോഡ്-വിമാന ഗതാഗതം തടസ്സപ്പെട്ടതോടെ വൈഷ്ണോ ദേവി കത്രയ്ക്കും ശ്രീനഗറിനും ഇടയിൽ കുടുങ്ങിക്കിടക്കുന്ന യാത്രക്കാർക്കായി റെയിൽവേ പ്രത്യേക ട്രെയിൻ സർവീസുകൾ പ്രഖ്യാപിച്ചു. കത്രയ്ക്കും

ശ്രീനഗറിനും ഇടയിൽ ഇന്നും നാളെയുമായി നാല് റിസർവ്ഡ് സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തും.